ഉത്തരം

(എ) ഉണ്ട്. ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം സെൻട്രൽ ബിൽഡിംഗ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഐ.ഐ.റ്റി., ബിറ്റ്സ്, പിലാനി തുടങ്ങിയ അന്തർദേശീയ നിലവാരമുള്ള സ്ഥാപനങ്ങളുമായി സഹകരിച്ച് വിവിധ പഠനങ്ങൾ നടത്തിയിട്ടുണ്ട്. ഇൻഡസ്ട്രിയിൽ വേസ്റ്റ് ആയ fly ash ഉപയോഗിച്ചുള്ള ഹോളോ ബ്ലോക്ക് നിർമ്മാണം. മണലിന്റെ ദൗർലഭ്യം കണക്കിലെടുത്ത് മണലിന്റെ ഉപയോഗം ഒഴിവാക്കിക്കൊണ്ടുള്ള മൺ വീടുകൾ, പ്രത്യേകിച്ചും നൂതന സാങ്കേതിക വിദ്യയും നാട്ടറിവുകളും സമന്വയിപ്പിച്ചുള്ള നിർമ്മാണ രീതികൾ കെസ്നിക്കിന്റെ സംഭാവനകളാണ്. കെസ്നിക്ക് ബിറ്റ്സ്പിലാനിയുമായി സഹകരിച്ച് നടത്തിയ ബിരുദാനന്തര കോഴ്സിന്റെ ഭാഗമായി നിരവധി പഠനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ആ വഴിക്കുള്ള ഗവേഷണ സാദ്ധ്യത ആരായുന്നതാണ്.

ദേലമ്പാടി പഞ്ചായത്തിൽ റിസർവ്വ് ഫോറസ്റ്റിലൂടെ വൈദ്യുതി ലൈൻ വലിക്കുന്നതിന് അനുമതി

251(958) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉദുമ നിയോജകമണ്ഡലത്തിന്റെ സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് ദേലമ്പാടി പഞ്ചായത്തിൽ റിസർവ്വ് ഫോറസ്റ്റിലൂടെ വൈദ്യുതി ലൈൻ വലിക്കുന്നതിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് വൈദ്യുതി വകുപ്പ് നൽകിയ ഹർജിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ :

(ബി) വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ&ബി) ഇലക്ട്രിക്കൽ ഡിവിഷൻ, കെ.എസ്.ഇ.ബി. കാസർഗോഡ് അസിസ്റ്റന്റ് എഞ്ചിനീയറുടെ അപേക്ഷയും പ്രൊപ്പോസലും ലഭിച്ചിരുന്നു. എന്നാൽ അത് അപൂർണ്ണമായിരുന്നതിനാൽ കോമ്പൻസേറ്ററി അഫോറസ്റ്റേഷന് ആവശ്യമായ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി പുതിയ പ്രൊപ്പോസൽ നൽകാൻ ആവശ്യപ്പെടുകയും അങ്ങനെ പുതുക്കി ലഭിച്ച പ്രൊപ്പോസൽ കാസർഗോഡ് റെയിഞ്ച് ഫീസർ കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ആഫീസർക്ക് സമർപ്പിച്ചിട്ടുമുണ്ട്. ടി പ്രൊപ്പോസൽ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly